(ബി) അകമ്പാടം ചാലുകളിൽ അനാവശ്യമായി ഒഴിയുന്ന വെള്ളത്തിനെ ചുവട്ട കൃഷിക്കാർക്ക് ഉപയോഗപ്രദമാവുന്നതല്ലേ;

(സി) അകമ്പാടം ചാലുകൊണ്ട് ഉപയോഗപ്പെട്ടുത്തിവരുന്ന കൃഷികൾക്ക് കനാൽ വെള്ളം കൊടുക്കേണ്ട ആവശ്യമുണ്ടോ;

(ഡി) ചുവട്ട കൃഷിക്കാരുടെ വൈരാഗ്യംകൊണ്ടോ പ്രതിഫലത്തെ ഉദ്ദേശിച്ചോ മുകൾ കൃഷിക്കാരൻ ടി അകമ്പാടം ചാലിൽ വിടാതെ അനാവശ്യമായി അകമ്പാടത്തു് ഒഴിച്ചുകളയുന്നതിനെ നിവർത്തൽ ചെയ്യുമോ;

(ഇ) അതാതു സെക്ഷനിലുള്ള മേസ്തിരിമാർ വാച്ചുമാന്മാരെക്കൊണ്ടു് ഇതുപയോഗപ്പെടുത്തിവരുന്ന വെള്ളത്തിനെ ചുവട്ട കൃഷിക്കാക്ക് ഉപയോഗപ്രദമാക്കുവാൻ ഗവൺമെൻറ് വേണ്ടുന്ന ഏർപ്പാട് ചെയ്യുമോ;

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ :

(എ) ഉണ്ടു്.

(ബി) അതെ.

(സി) സാധാരണയായി ഇല്ല. പക്ഷെ, വെള്ളത്തിനു ക്ഷാമം വരുമ്പോൾ അകമ്പാടം ചാലുകളിൽ വെള്ളം ഉണ്ടാകുകയില്ല. ആ സന്ദർഭങ്ങളിൽ വെള്ളം കൊടുക്കാറുണ്ടു്.

(ഡി) അങ്ങിനെ വരുന്ന ഘട്ടങ്ങളിൽ നിവർത്തൽ ചെയ്യാറുണ്ടു്.

(ഇ) അങ്ങിനെ ചെയ്യാറുണ്ടു്.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ : മറുപടികൊണ്ടു് തൃപ്തികരമായിട്ടു കാണുന്നുണ്ടെങ്കിലും പ്രവൃത്തികൊണ്ടു് പലപ്പോഴും അനാവശ്യമായി വെള്ളം ഒഴിച്ചുവിട്ടു കാണാറുണ്ടു്. ഈ വിഷയത്തിൽ വേണ്ട അന്വേഷണം നടത്താമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : അന്വേഷണം നടത്താം.

KAMBALATTARA ERI—IMPROVEMENTS TO

23. മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെൻറ് സദയം മറുപടി പറയുമോ. —

(എ) കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റിൽ കമ്പാലത്തറ ഏരി പുഷ്ടിപ്പെടുത്തുവാൻ 10,000 ക. വക കൊള്ളിച്ചിട്ടില്ലേ;

(ബി) അതിനുള്ള എസ്റ്റിമേറ്റ് കഴിഞ്ഞുവോ;

(സി) ഈ കൊല്ലത്തിൽ ഈ പണി ആരംഭിക്കുമോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള ഉപേക്ഷയാണു്;

(ഇ) ഈ സംഖ്യ ലാപ്സായി പോകുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ :

(എ) 1124-ലെ ബഡ്ജറ്റിൽ 10,000 ക. കൊള്ളിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നുണ്ട്. എന്നാൽ ഏരി പൂ ഷ്ടിപ്പെടുത്തി വെള്ളം നിറക്കുവാൻ മതു തോട്ടുകൂടി നിവ്വ ഹിക്കേണ്ടതായിട്ടുണ്ട്. അന്വേഷണങ്ങൾ നടത്തിയതിൽ ഈ തോട് വളരെ നീളത്തിലും ഇരുപതടിവരെയുള്ള താ ഴ്ചയിലും കരിങ്കൽ പാറയിൽ കൂടി കത്തേണ്ടതായിവരുമെ ന്ന് അറിവായിരിക്കുന്നു. ഈ കാരണത്താൽ മുൻ ഉദ്ദേശി ച്ച സംഖ്യ കൊണ്ട് ഈ പണി പൂർത്തീകരിക്കുവാൻ സാധി ക്കുമോ എന്നും പണികൾക്കിടയിൽ എതെല്ലാം ബുദ്ധിമുട്ട കൾ വരുമെന്നും നോക്കിവരികയാണ്.

(സി) മേൽപറഞ്ഞ കാരണത്താൽ ഇക്കൊല്ലത്തിൽ പണി ആരംഭി ക്കുവാൻ സാധിക്കുന്നതല്ല.

(ഡി) ഉത്തരം ആവശ്യമില്ല.

(ഇ) ഈ സംഖ്യ മറ്റു ഇനങ്ങൾക്കായി ചിലവിടാത്തപക്ഷം ലാ പ്സായി പോകുന്നതാണ്.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ : വരുന്ന കൊല്ലത്തിലെ കിലും ഈ ഏരി പൂർത്തിയാക്കുമെന്നു വിശ്വസിക്കാമോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : അടുത്ത കൊല്ലത്തെ ബഡ്ജ റിൽ ഇതിനു പ്രൊവിഷൻ വെച്ചിട്ടുണ്ട്. കഴിയുന്നതും വേഗത്തിൽ ഈ ജോലി ചെയ്യുവാൻ നോക്കാം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : ഈ പുതിയ പണികൊണ്ട് ഗവൺമ്മെ ണ്ടിനു വല്ല പ്രത്യേക ആദായവുമുണ്ടോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : ഇല്ല .

മിസ്റ്റർ എ. ബി. സേലം : ബഡ്ജറിൽ എത്ര ഉറുപ്പിക കൊള്ളിച്ചി ട്ടുണ്ട് ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ ൫ ൦,൦ ൦ ൦ ഉറുപ്പിക.

മിസ്റ്റർ എ. ബി. സേലം : അതു മതിയാകയില്ലെന്നല്ലേ പറയുന്നതു് ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : ൫ ൦,൦ ൦ ൦ ഉറുപ്പിക മ തിയാകുമെന്നാണ് ആദ്യം ഉദ്ദേശിച്ചതു്.

മിസ്റ്റർ എ. ബി. സേലം : ൫ ൦,൦ ൦ ൦ ഉറുപ്പിക കൊള്ളിച്ചപ്പോൾ കരിങ്കൽ പാറയുണ്ടായിരിക്കുമെന്നു് അറിവില്ലേ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : ൫ ൦ അടി കഴിച്ചതിനു ശേഷമാണ് കരിങ്കൽപാറയുണ്ടെന്നു കണ്ടതു്. അതിൽ ൬ ൦ അടി കരിങ്കൽ പാറയുമാണ്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ : എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു ൧൨ മാസത്തെസമയം എടുത്തതിന്റെ രഹസ്യമെന്താണെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : ഈ പണി വളരെ തിടുക്കത്തിൽ ചെയ്യാവുന്ന ഒന്നല്ല. വളരെ സൂക്ഷിച്ചുവേണം ചെയ്യുതീർക്കുവാൻ. പണിതുടങ്ങി അതു പൂർത്തിയാക്കുന്നതിന് ഒരു ലക്ഷത്തിൽ ചിലപ്പോൾ ഉറപ്പിക്കയോളം വേണ്ടിവരും.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ : ഒരു പണിക്കു പണമനുവദിക്കുമ്പോൾ അതിന്റെ ഇൻവെസ്റ്റിഗേഷൻ മുഴുവൻ പൂർത്തിയാക്കിയിരിക്കണ്ടേ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : അങ്ങിനെയാണ് വേണ്ടതു്. എന്നാൽ കഴിഞ്ഞ ബഡ്ജറ് സമയത്ത് preliminary investigation മാത്രമെ നടത്തിയിരുന്നുള്ളൂ.

മിസ്റ്റർ എ. ബി. സേലം : കരിങ്കൽ പാറ ഉണ്ടെന്നു് അന്നു കാണുവാൻ സാധിച്ചില്ലേ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : ര ാ അടിക്കുതഴെയാണു് പാറയുള്ളതു്. പ്രത്യക്ഷമായി അന്നു കണ്ടിരുന്നില്ല.

മിസ്റ്റർ വി. കെ. കുട്ടി : അടുത്തകൊല്ലത്തേക്കു് അനുവദിച്ചിട്ടുള്ള ൪ാ,ാാാ ഉറപ്പിക അടുത്ത കൊല്ലത്തിൽതന്നെ ചിലവാക്കുവാൻ തീച്ചു യാക്കിട്ടുണ്ടോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : Estimate എല്ലാം പൂർത്തിയായതിനു ശേഷമേ അതു പറയുവാൻ സാധിക്കയുള്ളൂ.

Mr. President : The money will be spent only if it is a feasible scheme. The money will not be spent simply because it is provided in the Budget.

TUBERCULOSIS CLINIC AT TRICHUR—BUILDINGS—CONSTRUCTION OF

24. Mr. K. R. Viswambharan *(Ezhuvas-Talappalli):* Will the Government be pleased to state.—

(*a*) what sum of money do they propose to spend for putting up a building to provide for the Tuberculosis Clinic at Trichur;

(*b*) where is this building proposed to be put up;

(*c*) whether it is in the proximity of the Civil Hospital;

(*d*) whether tuberculosis is not a contageous disease;

(*e*) whether the proposed clinic arrangements provide to treat in-patients;

(*f*) whether any expert opinion was sought before selecting the place for the tuberculosis clinic;

(*g*) if so, from whom and what was the opinion?

LIBRARY ARCHIVES Kerala Legislative Assembly